പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ: 3383 20/06/2018-ൽ മറുപടിക്ക്

## പരിയാരം വില്ലേജിനെ ഇ.എസ്.എ. ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടി

<table>
<tr><th colspan="2">ചോദ്യം</th><th colspan="2">മറുപടി</th></tr>
<tr><td colspan="2">ശ്രീ.ബി.ഡി.ദേവസ്സി</td><td colspan="2">പിണറായി വിജയൻ<br>(മുഖ്യമന്ത്രി)</td></tr>
<tr><td>(എ)</td><td>കസ്തൂരിരംഗൻ റിപ്പോർട്ടിന്റെ ഭാഗമായി ഇ.എസ്.എ. ലിസ്റ്റിൽ ഉൾപ്പെട്ട ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജ് പിന്നീട് പരിയാരം, ആതിരപ്പിള്ളി എന്നീ വില്ലേജുകളായി വിഭജിക്കപ്പെട്ടിട്ടുള്ളതിനെ തുടർന്ന് ജനങ്ങൾ തിങ്ങിപ്പാർക്കുന്ന പരിയാരം വില്ലേജിനെ ഇ.എസ്.എ. ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;</td><td rowspan="3">(എ)<br>(ബി)<br>&<br>(സി)</td><td rowspan="3">ചാലക്കുടി മണ്ഡലത്തിലെ പരിയാരം വില്ലേജിനെ ഇ.എസ്.എ.ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന അപേക്ഷ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന് അയച്ചു കൊടുത്തിട്ടുണ്ട്. പശ്ചിമ ഘട്ടത്തിലെ പരിസ്ഥിതി ലോല പ്രദേശങ്ങളെ (ഇ.എസ്.എ.) നിശ്ചയിച്ച് വിജ്ഞാപനം പുറപ്പെടുവിക്കുന്നത് കേന്ദ്ര സർക്കാരാണ്. കേരളത്തിന്റെ സവിശേഷ സാഹചര്യം പരിഗണിച്ച് ജനവാസ മേഖല, കൃഷി ഭൂമി തുടങ്ങിയവ ഇ.എസ്.എ ലിസ്റ്റിൽ നിന്ന് ഒഴിവാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.</td></tr>
<tr><td>(ബി)</td><td>ഇതിനാവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ;</td></tr>
<tr><td>(സി)</td><td>പരിയാരം വില്ലേജിനെ വിഭജിച്ച വിവരവും പുതിയ പരിയാരം വില്ലേജിനെ ഇ.എസ്.എ.യിൽ നിന്ന് ഒഴിവാക്കുന്നത് സംബന്ധിച്ച റിപ്പോർട്ടും കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി നടപടി സ്വീകരിക്കുമോ?</td></tr>
</table>

സെക്ഷൻ ഓഫീസർ